# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:82 08.01.2014 - ൽ മറുപടിക്ക്

**കരിങ്കൽ മടകൾ മഴവെള്ള സംഭരണികളാക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഖനനം നിന്നുപോയതും ഉപേക്ഷിക്കപ്പെട്ടതുമായ കരിങ്കൽ മടകൾ ഏറ്റെടുത്ത് അതിനെ മഴവെള്ള സംഭരണികളാക്കി വേനൽക്കാലത്ത് ജലം ശുദ്ധീകരിച്ച് പൊതുജനത്തിന് കുടിവെള്ളമാക്കി നല്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ പദ്ധതിയുണ്ടോ;<br><br>(ബി) നിലവിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) & (ബി) ഖനനം നിന്നുപോയതും ഉപേക്ഷിക്കപ്പെട്ടതുമായ കരിങ്കൽ മടകൾ ഏറ്റെടുത്ത് മഴവെള്ള സംഭരണികളാക്കി ജലം ശുദ്ധീകരിച്ച് പൊതുജനത്തിന് കുടിവെള്ളമാക്കി നല്കുന്നതിനുള്ള പദ്ധതി ജല അതോറിറ്റി ആവിഷ്കരിച്ചിട്ടില്ല. |
| (സി) ഏതെങ്കിലും ഏജൻസികൾ ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) ഉണ്ട്. എറണാകുളം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഒരു പദ്ധതി എറണാകുളം തൃക്കാക്കരയിൽ നടപ്പിലാക്കി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ